## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3608** **23.06.2014** ൽ മറുപടിക്ക്

## <u>ഏകീകരിച്ച സിനിമാ ടിക്കറ്റ് നിരക്ക്</u>

<u>ചോദ്യം</u>

ശ്രീ. ചിറ്റയം ഗോപകുമാർ

<u>ഉത്തരം</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. വനവും പരിസ്ഥിതിയുംഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമാ തിയേറ്ററുകളിൽ യാതൊരു പൊതു മാനദണ്ഡവും ഇല്ലാതെ വർദ്ധിപ്പിച്ച നിരക്കിൽ ടിക്കറ്റ് ചാർജ് ഈടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. സംസ്ഥാനത്ത് തിയേറ്ററുകളിൽ ടിക്കറ്റ് ചാർജ് നിശ്ചയിക്കുന്നത് അതാത് മേഖലകളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുവാദത്തോടെ തിയേറ്റർ മാനേജ്മെന്റുകളാണ്. |
| (ബി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കാറ്റഗറിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ തിയേറ്ററുകളിൽ ടിക്കറ്റ് നിരക്കിൽ ഏകീകരണം നടപ്പിലാക്കുന്നതിന് ശ്രമമുണ്ടാകുമോ; | (ബി) | സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ ടിക്കറ്റ് നിരക്കിൽ ഏകീകരണം നടപ്പിലാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. |
| (സി) | തിയേറ്ററിന്റെ സാങ്കേതിക മികവ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കാറ്റഗറി എന്നിവയടക്കമുള്ള ഘടകങ്ങളെ പരിഗണിച്ച് സിനിമാ തിയേറ്ററുകളിൽ അമിത ടിക്കറ്റ് ചാർജ് അനാവശ്യമായി ഈടാക്കുന്നത് ഒഴിവാക്കുന്നതിനായി ഈ വിഷയത്തിൽ ഒരു പൊതു മാനദണ്ഡം നിശ്ചയിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ; | (സി) | തിയേറ്ററിന്റെ മികവിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നതിനായി രൂപീകരിച്ച തിയേറ്റർ ക്ളാസിഫിക്കേഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിയേറ്ററുകൾക്ക് ഓരോ ഗ്രേഡ് നൽകിയിട്ടുണ്ട്.ടി തിയേറ്ററുകളിൽ അമിത ചാർജ് ഈടാക്കുന്നത് ഒഴിവാക്കുന്നത് സംബന്ധിച്ച് പൊതു മാനദണ്ഡം നിശ്ചയിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയാണ്. |
| (ഡി) | ഈ വിഷയം പരിഹരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് അറിയിക്കുമോ ? | (ഡി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ